"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം- ജീവനക്കാര്യം-ശ്രീ.അജേഷ് റ്റി.ജി.യ്ക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(ഇ.യു)വകുപ്പ്**

സ.ഉ.(സാധാ) നം.1915/2025/LSGD തീയതി,തിരുവനന്തപുരം, 03-08-2025

---

പരാമർശം:-

1. സ.ഉ.(പി)നം.15/2023/തസ്വഭവ തീയതി 10.02.2023
2. സ.ഉ(സാധാ)നം.478/2023തസ്വഭവ തീയതി 24.02.2023
3. സ.ഉ (സാധാ)നം.1478/2023/തസ്വഭവ തീയതി 20.07.2023
4. സ.ഉ(പി)നം.60/2023/തസ്വഭവ തീയതി 06.11.2023
5. സ.ഉ(സാധാ)നം.2298/2023/തസ്വഭവ തീയതി 21.11.2023
6. സ.ഉ(പി)നം.01/2024 /തസ്വഭവ തീയതി 09.01.2024
7. സ.ഉ(സാധാ)നം.218/2024/തസ്വഭവ തീയതി 25.01.2024
8. ശ്രീ.അജേഷ്.റ്റി.ജി 04.03.2024ൽ സമർപ്പിച്ച അപേക്ഷ
9. സ.ഉ(പി)നം.10/2025/തസ്വഭവ തീയതി 20.02.2025

**ഉത്തരവ്**

ശ്രീ.അജേഷ്.റ്റി.ജി, ടിയാന് ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിരുന്നു. ടിയാളുടെ ജൂനിയറായ ഷിബു.പി.എസ്-ന് ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകി ഉത്തരവായ തിയതി പ്രാബല്യത്തിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകണമെന്നാണ് ടി അപേക്ഷയിൽ ആവശ്യപ്പെട്ടത്.

2). ശ്രീ.അജേഷ്.റ്റി.ജി.യ്ക്ക് ടിയാന്റെ ജൂനിയറായ ശ്രീ.ഷിബു.പി.എസ്-ന് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-| തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയ ഉത്തരവ് തിയതിയായ 22.01.2021 പ്രാബല്യത്തിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-| തസ്തികയിലേക്കു നോഷണൽ പ്രൊമോഷൻ അനുവദിച്ച് പരാമർശം(5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു

3). 23.01.2023-ൽ കൂടിയ ഡിപിസി യോഗത്തിൽ ശ്രീ അജേഷ് റ്റി .ജി യുടെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-1 തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യിട്ടില്ലാത്തതിനാൽ ടിയാനെ ജോയിന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷന് പരിഗണിച്ചിരുന്നില്ല. എന്നാൽ 23.01.2023 ലെ ഡിപിസി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധികരിച്ച2023-ലെ പ്രൊമോഷനു വേണ്ടി തയ്യാറാക്കിയ പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ടിയാന്റെ ജൂനിയറായ ശ്രീ.ഷിബു.പി.എസ്-നെ (ക്രമ നമ്പർ-9) ഉൾപ്പെടുത്തുകയും, ടിയാന് പരാമർശം (2)

സർക്കാർ ഉത്തരവ് പ്രകാരം ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയും ചെയ്തിരുന്നു. 26.10.2023-ൽ കൂടിയ ഡിപിസി യോഗത്തിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷന് അർഹരായ അസിസ്റ്റൻറ് ഡയറക്ടർമാരുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ള പരാമർശം (4) സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ശ്രീ.അജേഷ്.റ്റി.ജി-യെ

ഉൾപ്പെട്ടുത്തിയിരുന്നെങ്കിലും ടിയാന് സ്ഥാനക്കയറ്റം നൽകുന്നതിനു മുൻപായി ശ്രീ ജയകുമാറിനെ ഉൾപ്പെടുത്തേണ്ടി വരികയുണ്ടായി. തുടർന്ന് 27.12.2023-ൽ കൂടിയ അഡ്ഹോക്ക് ഡിപിസിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 06.11.2023 ലെ സെലക്ട് ലിസ്റ്റ് പരിഷ്കരിച്ച് പരാമർശം (6) പ്രകാരം സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് , ആയതിൻറെ അടിസ്ഥാനത്തിൽ ശ്രീ.അജേഷ് റ്റി.ജി.യ്ക്ക് പരാമർശം (7) പ്രകാരം ജോയിന്റ് ഡയറക്ടർ തസ്തികയിൽ റെഗുലർ പ്രൊമോഷൻ നൽകി ഉത്തരവായിരുന്നു. ടിയാൻ നോഷണൽ പ്രൊമോഷൻ അനുവദിച്ച് നൽകുന്നതിനായി പരാമർശം (8) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

4) അജേഷ്.റ്റി.ജി-യുടെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-1 തസ്തികയിലെ പ്രൊബേഷൻ പരാമർശം (3) പ്രകാരം 25.08.2022 തീയതി പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച സാഹചര്യത്തിൽ 23.01.2023 ലെ ഡിപിസി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ശ്രീ.അജേഷ്.റ്റി.ജി. ഉൾപ്പെടാൻ അർഹനായിരുന്നു. തുടർന്ന് 06.02.2025-ൽ ചേർന്ന ഡിപിസി(ഹയർ) അർബൻ 2025-ൽ ശ്രീ.അജേഷ്.റ്റി.ജി., ജോയിന്റ് ഡയറക്ടർ, നോഷണൽ പ്രൊമോഷൻ ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സെലക്ട് ലിസ്റ്റ് പരിഷ്കരിച്ച് ശ്രീ.അജേഷ്.റ്റി.ജി-യുടെ സ്ഥാനപ്രകാരം ടിയാന്റെ തൊട്ടടുത്ത ജൂനിയർക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് തീയതി മുതൽ ടിയാന് പ്രസ്തുത തസ്തികയിൽ നോഷണൽ പ്രൊമോഷൻ നൽകുന്നതിനായി തീരുമാനിക്കുകയും പരാമർശം (9) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ശ്രീ.ടോബി തോമസിനും (സീരിയൽ.നം.8) ശ്രീ.ഷിബു.പി.എസ് (സീരിയൽ നം 9) നുമിടയിൽ ശ്രീ.അജേഷ്.റ്റി.ജി(സീരിയൽ.നം.8A)-യെ ഉൾപ്പെടുത്തുകയും ചെയ്തു.

5) മേൽ സാഹചര്യത്തിൽ കെ.എസ്.ആർ.പാർട്ട് (1) റൂൾ23 (സി) പ്രകാരം നോഷണൽ പ്രൊമോഷന് ശമ്പളത്തിന്റേയും അലവൻസുകളുടേയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശ്രീ.അജേഷ്.റ്റി.ജി-യ്ക്ക് ടിയാന്റെ ജൂനിയറായ ശ്രീ.ഷിബു.പി.എസ്-ന് ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് തീയതിയായ 24.02.2023 പ്രാബല്യത്തിൽ ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് നോഷണൽ പ്രമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തൃശ്ശൂർ

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.അജേഷ് റ്റി.ജി, ജോയിന്റ് ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 04-08-2025 11:20:29
സെക്ഷൻ ഓഫീസർ